(സി) കമ്മിറ്റിയുടെ ശുപാർശ സർക്കാരിന് ലഭിച്ചതിന്റെ അടിസ്ഥാത്തിലാണ് സേവന വേതന വ്യവസ്ഥകൾ നിശ്ചയിച്ച് ഉത്തരവ് ഇറക്കിയിട്ടുള്ളത്.

70 (2448) യു.എൻ.പി. പ്രോഗ്രാം നഷ്ടപ്പെടുത്തിയതിനെതിരെ നടപടി

ശ്രീ. കെ. കുട്ടി അഹമ്മദ്കുട്ടി :
ശ്രീ. സി.ടി. അഹമ്മദ് അലി :
ശ്രീ. കെ.പി.എ. മജീദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലിക്കറ്റ് സർവ്വകലാശാല ഹിസ്റ്ററി വിഭാഗത്തിന് യു.ജി.സി. അനുവദിച്ച യു.എൻ.പി. പ്രോഗ്രാം നഷ്ടപ്പെടുത്തിയതുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് എതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) നിയമസഭയുടെ പി.എ.സി. റിപ്പോർട്ടിന് എതിരെ കാലിക്കറ്റ് സർവ്വകലാശാല ഒരു റിപ്പോർട്ട് തയ്യാറാക്കിയത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) നടപടികളൊന്നും എടുത്തിട്ടില്ലെന്ന് സർവ്വകലാശാല അറിയിച്ചിട്ടുണ്ട്.

(ബി)&(സി) സർവ്വകലാശാല സിൻഡിക്കേറ്റ് അംഗീകരിച്ച സബ് കമ്മിറ്റി റിപ്പോർട്ട് ഗവൺമെന്റിന്റെ പരിഗണനയ്ക്ക് വയ്ക്കുന്നതാണെന്ന് സർവ്വകലാശാല അറിയിച്ചിട്ടുണ്ട്. ആയത് സർക്കാരിൽ ലഭിച്ചിട്ടില്ല.

71 (2449) കേരളത്തിലെ ടി.ടി.ഐ. കൾ

ശ്രീ. ടി.എം. ജേക്കബ് :
ശ്രീമതി കെ.ആർ. ഗൗരിയമ്മ :
ശ്രീ. ആർ. ബാലകൃഷ്ണപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ആകെയുള്ള ഏതെല്ലാം ടി.ടി.ഐ. കളാണ് മൈനോറിറ്റി കമ്മ്യൂണിറ്റികൾ നടത്തുന്നത്; നോൺ മൈനോറിറ്റി കമ്മ്യൂണിറ്റികൾ നടത്തുന്ന സ്ഥാപനങ്ങൾ ഏതെല്ലാം;

(ബി) കേരളത്തിലെ എല്ലാ ടി.ടി.ഐ. കളിലും കൂടി എത്ര കുട്ടികൾക്കു പ്രവേശനം നൽകുന്നുണ്ട്;

(സി) നിലവിലുള്ള ടി.ടി.ഐ. കൾക്കെല്ലാം സ്ഥിരമായ അംഗീകാരം ഉണ്ടോ;

(ഡി) സമീപകാലത്ത് എൻ.സി.ടി.ഇ, ടി.ടി.ഐ.കളെ സംബന്ധിച്ച് എന്തെല്ലാം മാർഗ്ഗനിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളത്;

(ഇ) ഇതു സംബന്ധമായി ടി.ടി.ഐ. മാനേജർമാരുടെ അസോസിയേഷൻ എന്തെങ്കിലും നിവേദനം നൽകിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) എങ്കിൽ ഇതിൻമേൽ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു;

(ജി) അവർ ഉന്നയിച്ചിരിക്കുന്ന പ്രധാനപ്പെട്ട ആവശ്യങ്ങൾ എന്തെല്ലാമാണ്; വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കേരളത്തിലെ ആകെയുള്ള ടി.ടി.ഐ.കളിൽ മുപ്പത്തി മൂന്നെണ്ണം മൈനോറിറ്റി കമ്മ്യൂണിറ്റി വിഭാഗങ്ങൾ നടത്തുന്നു. 30 ടി.ടി.ഐ. കൾ നോൺ മൈനോറിറ്റി വിഭാഗങ്ങൾ നടത്തുന്നു. (ടി.ടി.ഐ. കളുടെ പേരുകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്).+

(ബി) നാലായിരത്തി നാൽപ്പതു കുട്ടികൾക്കു പ്രവേശനം നൽകുന്നുണ്ട്.

(സി) എൻ.സി.ടി.ഇ.യുടെ സ്ഥിരമായ അംഗീകാരം എല്ലാ ടി.ടി.ഐ കൾക്കും ലഭിച്ചിട്ടില്ല.

(ഡി) എൻ.സി.ടി.ഇ.യുടെ അംഗീകാരം ലഭിക്കാത്ത ടി.ടി.ഐ.കളിൽ അദ്ധ്യാപക വിദ്യാർത്ഥി അനുപാതം, ലബോറട്ടറികളുടെ സൗകര്യം, ലൈബ്രറി സൗകര്യങ്ങൾ, ജേർണലുകൾ, ഫർണിച്ചർ, പ്രവർത്തിദിവസങ്ങളുടെ എണ്ണം എന്നീ കാര്യങ്ങളിൽ നിലവിലുള്ള മാനദണ്ഡങ്ങൾ പാലിക്കേണ്ടതാണെന്ന് നിർദ്ദേശം ലഭിച്ചിട്ടുണ്ട്.

(ഇ) ഉണ്ട്.

(എഫ്) അദ്ധ്യാപക വിദ്യാർത്ഥി അനുപാതം ഉൾപ്പെടെയുള്ള കാര്യത്തിൽ നൽകിയ നിർദ്ദേശങ്ങൾ പാലിക്കാത്തതിനെ തുടർന്ന് എൻ.സി.റ്റി.ഇ. ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ കുട്ടികളെ പ്രവേശിപ്പിക്കരുതെന്ന് കാണിച്ച് നോട്ടീസ് നൽകുകയുണ്ടായി. ഇതേ തുടർന്ന് എൻ.സി.റ്റി.ഇ. മേഖലാ ഡയറക്ടറുടെ സാന്നിദ്ധ്യത്തിൽ 1.7.99-ൽ ചേർന്ന യോഗത്തിൽ നിർദ്ദേശിച്ച പ്രകാരമുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തി ഒരു മാസത്തിനകം മറുപടി അയയ്ക്കണമെന്നും ഇതിനു സാവകാശം ആവശ്യമാണെന്നു കണ്ടാൽ സമയപരിധി ദീർഘിപ്പിക്കുന്നതിന് ഒരു മാസത്തിനകം എൻ.സി.ടി.ഇ. യിൽ അപേക്ഷ നൽകണമെന്നും ബന്ധപ്പെട്ടവർക്കു നിർദ്ദേശം നൽകിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ എല്ലാ ടി.ടി.ഐ.കളിലും വിദ്യാർത്ഥികളെ പ്രവേശിപ്പിക്കാമെന്ന് അവർക്കു അറിയിപ്പു നൽകിയിട്ടുണ്ട്.

(ജി) എൻ.സി.ടി.ഇ. യുടെ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്ന കാര്യത്തിൽ സർക്കാരിന്റെ അവസരോചിതമായ ഇടപെടൽ ആവശ്യമാണെന്നും സർക്കാരിന്റെ ഭാഗത്തു നിന്നുകൂടി ഇക്കാര്യത്തിൽ തീരുമാനമുണ്ടാകണമെന്നും അവർ ആവശ്യപ്പെട്ടിട്ടുണ്ട്.

72 (2450) അഖിലേന്ത്യാ മെഡിക്കൽ പ്രവേശന പരീക്ഷ

ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly